ലഭിച്ചതുകൊണ്ട് ബോർഡിന്റെ വൈദ്യുതി വാങ്ങൽ ചെലവ് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് ചില വിഭാഗം ഉപഭോക്താക്കൾക്ക് വൈദ്യുതി നിരക്കിൽ ഇളവ് നൽകിയത്.

(സി) വൻകിട എച്ച്.ടി. കച്ചവട സ്ഥാപനങ്ങൾക്ക് ഈ ആനുകൂല്യം നൽകുന്നില്ല. എൽ.ടി. VII(A)/VII(B) വാണിജ്യവിഭാഗം ഉപഭോക്താക്കൾക്ക് വൈദ്യുതി നിരക്കിൽ ഇളവ് നൽകുന്നതു വഴി ബോർഡിന്റെ വരുമാനത്തിൽ പ്രതിവർഷം ഏകദേശം 10.64 കോടി രൂപയുടെ കുറവ് വരുമെന്ന് കണക്കാക്കുന്നു.

(ഡി) കുടിവെള്ള വിതരണം, ആശുപത്രികൾ, അനാഥാലയങ്ങൾ, കൃഷിക്കാർ, ചെറുകിട വ്യവസായങ്ങൾ തുടങ്ങിയവയ്ക്ക് താരതമ്യേന കുറഞ്ഞ നിരക്കുകളാണ് ഈടാക്കി വരുന്നത്.

(ഇ) ഇപ്പോൾ ആലോചിച്ചിട്ടില്ല.

എം. എൽ. എ. റോഡുകളുടെ നിർമ്മാണപ്രവർത്തനം

17 [*56] ശ്രീ. കോവൂർ കുഞ്ഞുമോൻ:

,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു നിയോജകമണ്ഡലത്തിൽ രണ്ട് റോഡ് എന്ന ക്രമത്തിൽ എം. എൽ. എ.മാരിൽ നിന്നും എഴുതി വാങ്ങിയ റോഡുകളുടെ നിർമ്മാണപ്രവർത്തനത്തിന് ധനകാര്യ വകുപ്പിൽ നിന്നും ആവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നിർമ്മാണ പ്രവർത്തനം എന്നാരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) ഒരു നിയോജകമണ്ഡലത്തിൽ രണ്ട് റോഡ് എന്ന ക്രമത്തിൽ റോഡുകളുടെ നിർമ്മാണ പ്രവർത്തന പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല.

(ബി) ബാധകമല്ല.

ഇലക്ട്രിസിറ്റി ആക്ട് 2003

18 [*57] ശ്രീ. കെ. പി. രാജേന്ദ്രൻ:

,, ബിനോയ് വിശ്വം:

,, പി. നാരായണൻ:

,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇലക്ട്രിസിറ്റി ആക്ട് 2003 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എന്നു മുതലാണ് ഈ നിയമം നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വൈദ്യുതി ബോർഡ് ഇതുവരെയായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) ഈ ആക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന ഇളവുകളും സൗജന്യങ്ങളും നഷ്ടപ്പെടുന്നതുമൂലം ഉപഭോക്താക്കൾക്കുണ്ടാകുന്ന അധിക സാമ്പത്തികബാദ്ധ്യത ഒഴിവാക്കാൻ ബോർഡ് എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ;

(ഡി) ആക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബോർഡിന്റെ ഉൽപ്പാദന മേഖലയിലും വിതരണ രംഗത്തും സ്വകാര്യ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കുവാൻ അനുമതി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) കേന്ദ്ര നിയമമായ ഇലക്ട്രിസിറ്റി ആക്ട് 2003, സംസ്ഥാനത്ത് 2003 ഡിസംബർ 10-ാം തീയതി മുതൽ പ്രാബല്യത്തിൽ വന്നു.

(ബി) 1. ഓരോ ഡിസ്ട്രിബ്യൂഷൻ റീജണിലും കൺസ്യൂമേഴ്സ് ഗ്രീവൻസ് റിഡ്രസൽ ഫോറം (CGRF) സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചു.

2. വൈദ്യുതി വിതരണ നിബന്ധനകൾ പുതുക്കി സംസ്ഥാന റഗുലേറ്ററി കമ്മീഷനിൽ നിന്നും അംഗീകാരം വാങ്ങി.

3. 2003-ലെ വൈദ്യുതി നിയമം അനുസരിച്ച് ഓരോ സാമ്പത്തിക വർഷത്തെയും ARR, ERC ഇവ രണ്ടും കമ്മീഷന് സമർപ്പിച്ച് അംഗീകാരം വാങ്ങി.

(സി) ആക്ട് നടപ്പിലാക്കുന്നതോടുകൂടി ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന ഇളവുകളും സൗജന്യങ്ങളും നഷ്ടപ്പെടുന്നില്ല.

(ഡി) ആക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബോർഡിന്റെ ഉൽപ്പാദനമേഖലയിലും വിതരണ മംഗത്തും സ്വകാര്യ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കുവാൻ അനുമതി നൽകിയിട്ടില്ല. ഉൽപ്പാദന മേഖലയിൽ സ്വകാര്യ പങ്കാളിത്തം 1991 മുതൽ തന്നെ അനുവദിച്ചിരുന്നു.

കായംകുളം താപവൈദ്യുതി നിലയവും കരാറുകളും

19 [*58] ശ്രീ. കെ. സുധാകരൻ:

" പി. ജെ. ജോയി:

" വി. ഡി. സതീശൻ:

" വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം താപവൈദ്യുതി നിലയത്തിൽ നിന്നുള്ള വൈദ്യുതി വാങ്ങുന്നത് സംബന്ധിച്ച കരാറുണ്ടാക്കിയത് ഏത് മന്ത്രിസഭയുടെ കാലത്തായിരുന്നു; അന്നത്തെ വൈദ്യുതി മന്ത്രി ആരായിരുന്നു; യൂണിറ്റിന് എന്ത് വിലവെച്ചാണ് ഈ വൈദ്യുതി വാങ്ങിയിരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly